**ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ്**
വികാസ് ഭവൻ, തിരുവനന്തപുരം
ടെലിഫോൺ-0471-2300523,24,2302090
ഇ-മെയിൽ-director.mwd@gmail.com
വെബ് സൈറ്റ്-www.minoritywelfare.kerala.gov.in

ഭരണ ഭാഷ-മാതൃഭാഷ

നം. MWD/504/2025-S തീയതി.16-07-2025

'ഭരണ ഭാഷ-മാതൃഭാഷ'

**2025-26 സാമ്പത്തിക വർഷത്തെ UGC/CSIR – NET പരിശീലനം സംഘടിപ്പിക്കുന്നതിനായി സർക്കാർ/എയ്ഡഡ് കോളേജ്/ യൂണിവേഴ്സിറ്റികളിൽ നിന്നും അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 21.07.2025 - വരെ ദീർഘിപ്പിച്ചിരിക്കുന്നു.**

**പ്രസിദ്ധീകരണത്തിന്**

സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന സർക്കാർ/എയ്ഡഡ് കോളേജുകൾ/ യൂണിവേഴ്സിറ്റി കോളേജുകളിൽ ബിരുദാനന്തര ബിരുദത്തിന് രണ്ടാം വർഷം പഠിക്കുന്നവരും, നിലവിൽ പഠനം പൂർത്തിയായവരുമായ, ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് (മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, ജൈന, പാഴ്സി) UGC/CSIR – NET പരീക്ഷാ പരിശീലനം വകുപ്പ് തെരഞ്ഞെടുക്കുന്ന സ്ഥാപനങ്ങൾ മുഖാന്തിരം നൽകി വരുന്നു. UGC/CSIR – NET പരിശീലനം സംഘടിപ്പിക്കുന്നതിന് താല്പര്യമുള്ള കോളേജുകളിൽ നിന്നും അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി **21.07.2025 - വരെയാണ്** ദീർഘിപ്പിച്ചിരിക്കുന്നത്.

സർക്കാർ/എയ്ഡഡ് കോളേജുകൾ/യൂണിവേഴ്സിറ്റികൾ മുഖേന പരിശീലന പരിപാടികൾ സംഘടിപ്പിക്കാൻ ഈ പദ്ധതിയിൻ കീഴിൽ സാമ്പത്തിക സഹായം അനുവദിക്കുന്നു. **50-ൽ കുറയാതെ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുള്ള ഒരു ബാച്ചിന് 1 2 ദിവസങ്ങളിലായി 7 2 മണിക്കൂർ പരിശീലനം നൽകുന്നതിന് ഫാക്കൽറ്റി പ്രതിഫലം 72000 രൂപയും ഭരണച്ചെലവ് ഇനത്തിൽ ഒരു ബാച്ചിന് 8000 രൂപയും ചേർത്ത് ആകെ 80000/- രൂപ** വകുപ്പ്, പദ്ധതി നടപ്പിലാക്കുന്ന കോളേജുകൾക്ക് അനുവദിക്കുന്നതാണ്. 2025-26 സാമ്പത്തിക വർഷം ടി പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ/എയ്ഡഡ് കോളേജുകൾ/യൂണിവേഴ്സിറ്റികൾ എന്നിവരെയാണ് തെരഞ്ഞെടുക്കുന്നത്. **സ്ഥാപനത്തെ തെരഞ്ഞെടുത്തതിനുശേഷം പരിശീലന പരിപാടിയിൽ നിന്നും പിന്മാറുവാൻ പാടില്ലാത്തതാണ്. പരിശീലന പദ്ധതിയുടെ സാമ്പത്തിക സഹായം reimbursement ആയാണ് അനുവദിക്കുന്നത്.**

ന്യൂനപക്ഷ വിദ്യാർത്ഥികളുടെ തെരഞ്ഞെടുപ്പിൽ, സംഘാടകരുടെ കോളേജിൽ നിന്നും 50% വിദ്യാർത്ഥികളെ തെരഞ്ഞെടുക്കാവുന്നതും ശേഷിക്കുന്ന 50% വിദ്യാർത്ഥികളെ സമീപസ്ഥമുള്ള മറ്റു

സർക്കാർ/എയ്ഡഡ് കോളേജുകൾ/യൂണിവേഴ്സിറ്റികളിൽ നിന്നും തിരഞ്ഞെടുക്കേണ്ടതുമാണ്. ബിരുദാനന്തര ബിരുദത്തിന് ഒന്നാം വർഷ പരീക്ഷയിൽ 55% മാർക്ക് നേടി രണ്ടാം വർഷ പഠനം നടത്തുന്നവരെയും, ബിരുദാനന്തര ബിരുദം 55% മാർക്കോടെ പൂർത്തിയാക്കിയവരെയും ഈ പരിശീലനത്തിന് പങ്കെടുപ്പിക്കാം. B P L വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് പ്രവേശനത്തിൽ മുൻഗണന നൽകേണ്ടതാണ്. അപേക്ഷാ ഫാറത്തിന്റെ മാതൃക www.minoritywelfare.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. അപേക്ഷ അയക്കേണ്ട വിലാസം: ഡയറക്ടർ, ന്യൂനപക്ഷ ക്ഷേമ വകുപ്പ്, നാലാംനില, വികാസ് ഭവൻ, തിരുവനന്തപുരം-33. കൂടുതൽ വിവരങ്ങൾക്ക് **0471 2300524, 0471-2302090, 0471-2300523** എന്ന നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

സബിൻ സമീദ്.ഐ.എ.എസ്
ഡയറക്ടർ

Signed by
Sabin Sameed
Date: 16-07-2025 11:23:28

**Application for Conducting UGC/CSIR-NET Coaching in Government/Aided College for Minority Students under the Scheme of the Directorate of Minority Welfare, Government of Kerala**

| | | |
|---|---|---|
| 1 | Name of the Institution | |
| 2 | Address | |
| 3 | Contact Number | |
| 4 | E-mail ID | |
| 5 | Number of PG Courses in the Institution | |
| 6 | Subjects of PG Courses in the Institution | |
| 7 | Total Number of Students in the PG Section | |
| 8 | Name of the Co-ordinator for the Coaching Programme | |
| 9 | Phone Number | |
| 10 | E-mail ID | |
| 11 | Subject for which NET Coaching is intended to be Conducted. | |
| 12 | Number of Regular Teachers in the Subject in which NET Coaching is intended to be conducted. | |
| 13 | Previous experience in Conducting similar Special Coaching Programmes : | |

I hereby agree that I am ready to conduct the UGC/CSIR-NET Coaching for Minority Students in my institution as per the conditions prescribed by the Minority Welfare Dept.

| | |
|---|---|
| Place: | |
| Date: | **PRINCIPAL** |

Signed by
Sabin Sameed
Date: 07-07-2025 12:20:09